# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.285 | 01/12/2014 ൽ മറുപടിക്ക് |
|---|---|

**സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ബാബു എം.പാലിശ്ശേരി | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) | അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ട് ; | (എ) | അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 3000 - ത്തോളം സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ട്. |
| (ബി) | ഇതിൽ എത്ര കേസ്സുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട് ; | (ബി) | അന്വേഷണം പൂർത്തിയായ 632 കേസുകളിൽ തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് കോടതികളിലായി ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്. |
| (സി) | സർക്കാർ സർവ്വീസിൽ അഴിമതി, കൈക്കൂലി തുടങ്ങിയവ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന വ്യക്തമാക്കുമോ ? | (സി) | പൊതുജന പങ്കാളിത്തത്തോടെ അഴിമതിയ്ക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിജിലൻസ് ബ്യൂറോയുടെ സുവർണ്ണ ജൂബിലി വർഷം സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, റാലികൾ മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ക്കായി ടോൾഫ്രീ പരാതി പരിഹാര മൊബൈൽ ഫോൺ, ലൈറ്റ്നിംഗ് സ്ക്വാഡ്, എസ്.എം.എസ്, വാട്ട്സ് ആപ്പ് തുടങ്ങിയ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് അഴിമതിയെ സംബന്ധിച്ച പരാതികൾ നൽകാവുന്നതും ആയതിന് പരിഹാരം എത്രയും പെട്ടെന്ന് കാണാൻ ശ്രമിക്കുകയും ചെയ്യു വരുന്നു. ഇവയുടെ പരസ്യം ഇതിനായി വ്യാപകമായി നൽകിയിട്ടുണ്ട്. മിന്നൽ പരിശോധന എല്ലാ വകുപ്പുകളിലും നടത്താൻ ശ്രമിക്കുന്നു. സ്കൂൾ തലങ്ങളിൽ അഴിമതിയ്ക്കെതിരെ ബോധവൽക്കരണം നടത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാതല വിജിലൻസ് കമ്മിറ്റികൾ നവീകരിച്ച് ഊർജ്ജിത ബോധവൽക്കരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളിലെ വിജിലൻസ് മേധാവികളെ പങ്കെടുപ്പിച്ച് പരിശീലനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ